**KOLLAM CITY POLICE**

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 02/08/ 2021

# വീട്ടിൽ കയറി യുവാവിനെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച പ്രതികൾ അറസ്റ്റിൽ

കൊല്ലം : കൊട്ടിയം സിത്താര ജംഗ്ഷന് സമീപം വീട്ടിൽ കയറി യുവാവിനെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ മൂന്ന് പേർ പോലീസ് പിടിയിലായി. രോഹിണി വീട്ടിൽ പൊട്ടാസ് എന്നു വിളിക്കുന്ന നിഷാദിന്റെ വീട്ടിൽ 19.07.2021 ഉച്ചയ്ക്ക് കയറി ഇയാളുടെ ഭാര്യയെ മാനഭംഗപ്പെടുത്തുകയും നിഷാദിനെ തലയ്ക്കും കൈകളിലും വെട്ടി കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത സംഘത്തിലെ മൂന്ന് പേരാണ് കൊട്ടിയം പോലീസിന്റെ പിടിയിലായത്. കുളപ്പാടം പുത്തൻകട ജാബീർ മൻസിലിൽ സിദ്ധിക്ക് മകൻ മൂഹമ്മദ് അൻവർ (35), പള്ളിമൺ വെളിച്ചിക്കാല തൗഫീക് മൻസിലിൽ ഷാജഹാൻ മകൻ താഹീത് (29), കുളപ്പാടം ജാബീർ മൻസിലിൽ സിദ്ധിക്ക് മകൻ മുഹമ്മദ് താഹീർ (29) എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഇവരെ പിന്നീട് റിമാന്റ് ചെയ്തു. കൊട്ടിയം ഇൻസ്പെക്ടർ ജിംമ്സ്റ്റൻ. എം.സി, എസ്സ്.ഐമാരായ പ്രവീൺ, ഗിരീഷ്, സുജിത്.ജി നായർ എ.എസ്സ്.ഐ സുനിൽകുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.







